പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5018 | 24.10.2011-ലെ മറുപടിക്ക് |
|---|---|

ആംബുലൻസുകൾ അപകടത്തിൽപ്പെട്ടുള്ള മരണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| എ) ആംബുലൻസുകൾ അപകടത്തിൽപ്പെട്ടുണ്ടാകുന്ന മരണങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) ഇത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; | ബി) ശരിയായ മാനദണ്ഡങ്ങൾ പാലിക്കാതെ സർവീസ് നടത്തുന്ന ആംബുലൻസുകൾക്കെതിരെ ഗതാഗത വകുപ്പ് നടപടി സ്വീകരിച്ചു വരുന്നു. ആരോഗ്യ വകുപ്പ് ഡ്രൈവർമാർക്ക് പ്രത്യേക പരിശീലനവും നൽകുന്നുണ്ട്. കൂടാതെ സുരക്ഷാ പരിശോധന നടത്തുന്നതിന് ആംബുലൻസ് നിർമ്മാതാക്കളോട് തന്നെ നിർദ്ദേശം നൽകുന്നതാണ്. |
| സി) ഇതിനായി എല്ലാ ആംബുലൻസുകളിലും സാങ്കേതിക പരിശോധനാ സംവിധാനം ഏർപ്പെടുത്തുമോ;<br><br>ഡി) ഇതിന് കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്? | സി) & ഡി) വാഹന പരിശോധന, ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിനായുള്ള പരിശോധന എന്നിവ നടത്തുമ്പോൾ വാഹനം പ്രവർത്തനയോഗ്യമാണോ എന്ന് പരിശോധിക്കാറുണ്ട്. ആരോഗ്യ വകുപ്പിലെ ആംബുലൻസുകളിൽ സാങ്കേതിക പരിശോധനാ സംവിധാനവും നിലവിലുണ്ട്. ആരോഗ്യ വകുപ്പിനു കീഴിലുള്ള '108' ആംബുലൻസുകൾക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിനു പുറമേ 6 മാസത്തിലൊരിക്കൽ ആരോഗ്യ വകുപ്പ് നേരിട്ട് പരിശോധിക്കുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ